**20U233A** (Pages: 2) Name: ……………………

Reg. No: …………………

**SECOND SEMESTER B.Voc. DEGREE EXAMINATION, APRIL 2021**

(Regular/Supplementary/Improvement)

**GEC2 ML02 – മലയാളം - ഭാഷയും സാഹിത്യവും 2**

(Malayalam - Common Course - other Pattern)

(2019 Admission onwards)

Time: Three Hours Maximum: 80 Marks

## സെക്ഷൻ എ

**I. ഓരോന്നിനും ഒറ്റവാക്കിൽ ഉത്തരമെഴുതുക. (അര മാർക്കു വീതം)**

1. മലയാളത്തിലെ ആദ്യത്തെ ആത്മകഥയേത്?
2. ഹിഗ്വിറ്റ എന്ന കഥയുടെ രചയിതാവ്?
3. മലയാളത്തിലെ ഇബ്സൻ എന്നറിയപ്പെടുന്നതാര്?
4. കഥയില്ലാത്തവന്റെ കഥ എന്ന ആത്മകഥ എഴുതിയതാര്?
5. ചെറുകാട് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നതാര്?
6. വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മസ്ഥലമേത്?
7. ഞണ്ടുകളുടെ നാട്ടിൽ ഒരിടവേള എന്ന അനുഭവക്കുറിപ്പിന്റെ രചയിതാവ്?
8. "മുഴുത്ത സത്യത്തിൽ നിന്നാണ് അതിന്റെ ഉത്പത്തി. ആത്മാർത്ഥതയിലാണ് അതിന്റെ വളർച്ച " - എന്തിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?
9. മരക്കാപ്പിലെ തെയ്യങ്ങൾ എന്ന നോവൽ രചിച്ചതാര്?
10. എൻ. കൃഷ്ണപിള്ളയുടെ ഏതു നാടകത്തിലെ കഥാപാത്രമാണ് മാധവൻ നായർ?

**(10 × ½ = 5 Marks)**

## സെക്ഷൻ. ബി

**II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (രണ്ട് മാർക്ക്)**

11. മാസപ്പടി മാതുപിള്ളയും ആൾക്കൂട്ടത്തിൽ ഏലിയാമ്മയുമൊക്കെ ഗതകാലസ്മൃതികളുടെ അകമ്പടിയോടെ തിരിച്ചുവന്ന് വീണ്ടുമെന്നെ ചിരിപ്പിച്ചു" - സൂചിതമെന്ത്?
12. ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള വ്യത്യാസമെന്ത്?
13. ആ പുണ്യചരിതനെ ഓർത്ത് ഞാനിവിടെ നിർത്തുന്നു. അദ്ദേഹത്തിന്റെ ശിഷ്യൻ എല്ലാ നിയന്ത്രണവും വിട്ടാൽ നന്നല്ലല്ലോ" - ഏതു സംഭവമാണ് എം. എൻ. പാലൂർ ഇവിടെ അനുസ്മരിക്കുന്നത്?
14. ആ പൂച്ചെണ്ടുകൾ കൊണ്ടുള്ള വോളിബോൾ കളി എനിക്കു മറക്കുവാൻ വയ്യ - ആരുടെ വാക്കുകൾ? സൂചിതമെന്ത്?
15. "എന്റെ കോട്ട് ഇവിടെ ഇരിക്കട്ടെ. ഞാൻ പോയി പണം കൊണ്ടു വരാം" - ഇങ്ങനെ കഥാകാരൻ പറയാനിടയായ സാഹചര്യമെന്ത്?

**(5 × 2 = 10 Marks)**

## സെക്ഷൻ സി

**III. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഖണ്ഡികാ രൂപത്തിൽ ഉത്തരമെഴുതുക. (അഞ്ചു മാർക്കു വീതം)**

16. എൻമകജെയുടെ ചരിത്രത്തിൽ പഞ്ചി മൂപ്പന്റെ സ്ഥാനമെന്ത്?
17. "വ്യക്തിപരമായി എനിക്കു തോന്നിയിട്ടുള്ളത് പിരിമുറുക്കം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ അംഗീകരിച്ചു കൊണ്ടു തന്നെ അവയെ അതിജീവിക്കാൻ പഠിക്കണമെന്നാണ്" - ചന്ദ്രമതിയുടെ ഈ അഭിപ്രായം പാഠഭാഗം മുൻനിർത്തി വിശകലനം ചെയ്യുക.
18. "എടാ,കണ്ണില്ലാത്ത ദൈവമേ നീ എന്റെ മൺകുടിൽ തകർത്തുകളഞ്ഞല്ലോ" - സന്ദർഭം വിശദമാക്കുക.
19. ജടാധാരിമലയിലെ കാഴ്ചകൾ എന്തെല്ലാം?
20. "പരിഹാസം അത്ര നിസ്സാര വസ്തുവാണോ.. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നാണതുദ്ഭവിക്കുന്നത് - ആരുടെ വാക്കുകൾ? ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത്?
21. പുരുഷോത്തമനുമായുള്ള ബന്ധത്തെക്കുറിച്ചുള്ള എം.എൻ പാലൂരിന്റെ ഓർമ്മകൾ എന്തെല്ലാം?
22. "ആ നിമിഷം മുതൽ ജഗ്ഗിയുടെ തലമുടി ഞങ്ങൾക്ക് നിഷിദ്ധമായി. അതിൽ ഒരു വംശത്തിന്റെ ചരിത്രബോധം ഇഴ പിരിഞ്ഞു കിടക്കുന്നതായി ഞങ്ങൾ അറിഞ്ഞു" - സന്ദർഭം വിശദമാക്കുക.

**(5 × 5 = 25 Marks)**

## സെക്ഷൻ - ഡി

**IV. ഏതെങ്കിലും നാല് ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**(പത്തു മാർക്കു വീതം.)**

23. ആധുനിക പരിസ്ഥിതിവാദചിന്തയുടെ സവിശേഷതകൾ എൻമകജെ എന്ന നോവൽ മുൻനിർത്തി വിലയിരുത്തുക.
24. ജീവിതപ്രതിസന്ധികളെയും പ്രതികൂല സാഹചര്യങ്ങളെയും ഇച്ഛാശക്തിയാൽ മറികടക്കുന്ന വ്യക്തിശ്രേഷ്ഠത എന്ന നിലയിൽ സന്താനഗോപാലം, പാവം മനുഷ്യൻ എന്നീ പാഠഭാഗങ്ങൾ അപഗ്രഥിക്കുക.
25. ഒറ്റപ്പെട്ടു പോകുന്ന ജീവിതത്തിന്റെ വിഹ്വലതകളുടെ ആവിഷ്കാരമാണ് പ്രിയ എ.എസിന്റെ "പയറു വള്ളികളിൽ ഇനി നമ്മളൊക്കെ " എന്ന കഥ - ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.
26. പ്രശ്നനാടകങ്ങളുടെ പൊതുസ്വഭാവം എൻ. കൃഷ്ണപിള്ളയുടെ ഭഗ്നഭവനം എന്ന നാടകം അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.
27. മനുഷ്യസ്നേഹത്തിന്റെ ഉദ്ബോധനങ്ങളായിരുന്നു ബഷീറിന്റെ രചനാലോകം - ഒരു മനുഷ്യൻ എന്ന കഥ മുൻനിർത്തി ഉപന്യസിക്കുക.

28. എൻ. എസ് മാധവന്റെ കഥകളുടെ പ്രത്യേകതകൾ വൻമരങ്ങൾ വീഴുമ്പോൾ എന്ന കഥ ആധാരമാക്കി വിലയിരുത്തുക?

**(4 × 10 = 40 Marks)**

*******